**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് -പത്തനംതിട്ട ജില്ലയിലെ ചെറുകോൽ ഗ്രാമപഞ്ചായത്തിൽ 2012-13 വാർഷികപദ്ധതിയിലെ- കുട്ടികൾക്ക് നീന്തൽപരിശീലനം(എസ്-സി-പി)- എന്ന പദ്ധതിക്കായി ചെലവഴിച്ച 48000 ( നാല്പത്തെട്ടായിരം രൂപ മാത്രം) രൂപക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

**സ.ഉ (സാധാ) നം. 1164/15/തസ്വഭവ.** **തിരുവനന്തപുരം, തീയതി: 17/14/2015**

---

**പരാമർശം:- 1) ചെറുകോൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20/02/2015-ലെ സി1- 200/15 നമ്പർ കത്ത്.**

## <u>ഉത്തരവ്</u>

**പത്തനംതിട്ട ജില്ലയിലെ ചെറുകോൽ ഗ്രാമപഞ്ചായത്തിൽ 2012-13 വാർഷികപദ്ധതിയിലെ 'കുട്ടികൾക്ക് നീന്തൽപരിശീലനം(എസ്-സി-പി)'എന്ന പദ്ധതിക്കായി ചെലവഴിച്ച 48000 ( നാല്പത്തെട്ടായിരം രൂപ മാത്രം) രൂപക്ക് സാധൂകരണം ലഭ്യമാക്കാൻ പരാമർശം(1)പ്രകാരം ചെറുകോൽ ഗ്രാമപഞ്ചായത്ത് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.12ാംപഞ്ചവത്സരപദ്ധതിമാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇനത്തിലുള്ള ചെലവായതിനാൽ ആഡിറ്റ് എൻക്വയറിയിൽ നിരാകരണം വരുമെന്ന് മുന്നറിയിപ്പ് നല്കിയിട്ടുണ്ട് എന്ന് ഗ്രാമപഞ്ചായത്ത് വ്യക്തമാക്കിയിട്ടുണ്ട് .**

**പ്രസ്തുത വിഷയങ്ങളിൽ സർക്കാർ സാധൂകരണത്തിനായി പത്തനംതിട്ട ജില്ലയിലെ ചെറുകോൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 03/02/2015-ലെ 9-ാം നമ്പർ തീരുമാനംസഹിതം പരാമർശം 1 പ്രകാരം പഞ്ചായത്ത് സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.പ്രസ്തുത ചെലവ് ചെയ്യാനുണ്ടായ സാഹചര്യം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. 03/02/2015-ലെ 9-ാം നമ്പർ തീരുമാനത്തിൽ നിർദ്ധനരായ പട്ടികജാതിവിദ്യാർത്ഥികൾക്കാണ് നീന്തൽപരിശീലനം നല്കിയത് എന്നും തദ്ദേസസ്വയംഭരണ(എഫ്.എം)വകുപ്പിന്റെ 12/06/12 ലെ സ.ഉ(സാ.ധ ാ)നം1596/തസ്വഭവ.ാം ഉത്തരവ് പ്രകാരം സമീപപഞ്ചായത്തുകൾക്ക് ടി വിഷയത്തിൽ**

മുമ്പ് സാധൂകരണം നൽകിയിട്ടുണ്ട് എന്നും വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിലെ ചെറുകോൽ ഗ്രാമപഞ്ചായത്തിൽ 2012-13 വാർഷികപദ്ധതിയിലെ -കുട്ടികൾക്ക് നീന്തൽപരിശീലനം(എസ്-സി-പി)- എന്ന പദ്ധതിക്കായി ചെലവഴിച്ച 48000 ( നാല്പത്തെട്ടായിരം രൂപ മാത്രം) രൂപക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

സാലമ്മ എബ്രഹാം,
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയക്ടർ, പത്തനംതിട്ട
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സെക്രട്ടറി,ചെറുകോൽ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ